"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, വയനാട് - വിത്ത് വിതരണ മേഖലയിൽ പുതുതായി അക്രഡിറ്റേഷൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2738/2022/LSGD തീയതി,തിരുവനന്തപുരം, 08-11-2022

---

പരാമർശം:-

1. 31.03.1999 ലെ സ.ഉ. (കൈ) നം. 97/99/എ.ഡി.
2. 30.03.2013 ലെ സ.ഉ.(എം.എസ്.) നം. 133/2013/തസ്വഭവ
3. 24.08.2017 ലെ സ.ഉ. (സാധാ) നം. 2918/2017/തസ്വഭവ
4. 16/11/2021-ലെ നം. സ.ഉ(സാധാ) 2277/2021/തസ്വഭവ.
5. ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25/05/2022-ലെ ബി.ഡി.എസ്/024/05/2022 നമ്പർ കത്ത്.
6. കില ഡയറക്ടർ ജനറലിന്റെ 29/8/2022-ലെ 2022/3200/HQ നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ കാർഷിക മേഖലയിലെ തകർച്ചയെ തുടർന്ന് കർഷകർക്ക് തൊഴിലും സ്ഥിരവരുമാനവും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പരാമർശം (1) ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്ന ഏജൻസിക്ക്, കൃഷി, ക്ഷീര മേഖല, മൃഗസംരക്ഷണ മേഖല, വ്യവസായം, മാർക്കറ്റിങ്, പരിശീലനം (പശു വളർത്തൽ, പാൽ ഉൽപന്നനിർമ്മാണം, പച്ചക്കറികൃഷി, വളം നിർമ്മാണം), സേവനം എന്നീ മേഖലകളിൽ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികൾ ടെൻഡർ നടപടികൾ കൂടാതെ തന്നെ ഏറ്റെടുക്കാൻ അനുമതി നല്കി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2. മാർഗ്ഗരേഖ പ്രകാരമുള്ള കാലാവധി അവസാനിച്ച സാഹചര്യത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം (4)-ലെ ഉത്തരവ് പ്രകാരം പ്രസ്തുത മേഖലകളിൽ നിലവിൽ ഉള്ള അക്രഡിറ്റേഷൻ പുതുക്കി നൽകിക്കൊണ്ടും, ജൈവവള - ജീവാണു നിയന്ത്രണ ഉപാധികളുടെ വിതരണം, കാപ്പി, കുരുമുളക് തൈ വിതരണം, ഫലവൃക്ഷത്തൈ വിതരണം, മുട്ടക്കോഴി വിതരണം, കിണർ റീചാർജിങ് യൂണിറ്റ് നിർമ്മാണം, മണ്ണ്, ജല പരിശോധനാ ലാബ് പ്രവർത്തനം, ഹൈബ്രിഡ് പച്ചക്കറിത്തൈ വിതരണം എന്നീ മേഖലകളിൽ കൂടി 3 വർഷത്തേക്ക് പുതുതായി അക്രഡിറ്റേഷൻ അനുവദിച്ചുകൊണ്ടും ഉത്തരവായിരുന്നു.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിത്ത് വിതരണം നടത്തുന്നതിനുകൂടി അക്രഡിറ്റേഷൻ അനുവദിച്ച് നല്കണമെന്ന ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പരാമർശം (5)-ലെ അപേക്ഷയിൽ ഏജൻസിയുടെ മാനവശേഷിയും സാങ്കേതികപരിജ്ഞാനവും അടിസ്ഥാന സൗകര്യവും പരിശോധിച്ച് വിഷയവിദഗ്ധർ തയ്യാറാക്കിയ പരാമർശം (6)-ലെ റിപ്പോർട്ടിൽ വിത്ത് വിതരണം നടത്തുന്നതിനുകൂടി അക്രഡിറ്റേഷൻ അനുവദിക്കാമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ, വയനാട് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് വിവിധ മേഖലകളിൽ അക്രഡിറ്റേഷൻ പുതുക്കി നല്കിക്കൊണ്ടും, വിവിധ മേഖലകളിൽ പുതുതായി അക്രഡിറ്റേഷൻ അനുവദിച്ചുകൊണ്ടും പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിത്ത് വിതരണം ചെയ്യുന്നതിനുകൂടി പുതുതായി അക്രഡിറ്റേഷൻ നൽകിക്കൊണ്ട് പരാമർശം (4) ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. പരാമർശം (4) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, വയനാട്
2. പഞ്ചായത്ത് ഡയറക്ടർ
3. നഗരകാര്യ ഡയറക്ടർ
4. ഗ്രാമവികസന കമ്മീഷണർ
5. ഡയറക്ടർ ജനറൽ, കില
6. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
7. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
8. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
9. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
10. ധനകാര്യ വകുപ്പ്
11. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
12. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 11-11-2022 11:06:18

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്